# PSC Amenities Assistant - Mla Hostel - Legislature Hostel/ Guard - Kerala Ceramics / Lift Operator - Dcb - Lgs- Various/sainik Welfare Examination

# Previous Year Question Paper

***Exam Name:** Amenities Assistant - Mla Hostel - Legislature Hostel/ Guard - Kerala Ceramics / Lift Operator - Dcb - Lgs- Various/sainik Welfare*

***Date of Test : 18.06.2016***

***Question Paper Code: 080/2016***

***Medium of Questions: Malayalam***

PSCNET.in

# 080/2016-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഇന്ത്യ ദേശീയ ഭരണഘടനാദിനമായി ആചരിക്കുന്ന ദിനം :
   - (A) ജനുവരി 26
   - (B) നവംബർ 1
   - (C) ആഗസ്റ്റ് 15
   - (D) നവംബർ 26

2. ഇന്ത്യയുമായി സമുദ്രാർത്തി പങ്കിടുന്ന അയൽ രാജ്യം ഏത്?
   - (A) ചൈന
   - (B) ശ്രീലങ്ക
   - (C) പാക്കിസ്ഥാൻ
   - (D) ബംഗ്ലാദേശ്

3. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം ആരംഭിച്ച സ്ഥലം ഏത്?
   - (A) മീററ്റ്
   - (B) ഡൽഹി
   - (C) ഝാൻസി
   - (D) കാൺപൂർ

4. ഇന്ത്യൻ ദേശീയപതാകയുടെ ശില്പി ആര്?
   - (A) മാഡം ഭിക്കാജി കാമ
   - (B) ബാലഗംഗാധര തിലകൻ
   - (C) പിംഗലി വെങ്കയ്യ
   - (D) രാജേന്ദ്ര പ്രസാദ്

5. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ വർഷം :
   - (A) 1991
   - (B) 1995
   - (C) 1992
   - (D) 1996

6. തിരുവിതാംകൂറിൽ നിവർത്തന പ്രക്ഷോഭം നടന്ന വർഷം ഏത്?
   - (A) 1930
   - (B) 1931
   - (C) 1932
   - (D) 1934

7. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആര്?
   - (A) മഞ്ജുള ചെല്ലൂർ
   - (B) എച്ച്.എൽ. ദത്തു
   - (C) എൻ.കെ. സോധി
   - (D) അശോക് ഭൂഷൻ

8. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനം ഏത്?
   - (A) ഉത്തർപ്രദേശ്
   - (B) രാജസ്ഥാൻ
   - (C) മഹാരാഷ്ട്ര
   - (D) മധ്യപ്രദേശ്



Join PSC WhatsApp Broadcast List : 90747 20773

9. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യ പ്രസിഡന്റ് :

(A) എ.ഒ. ഹ്യൂം
(B) ഡബ്ല്യൂ. സി. ബാനർജി
(C) ദാദാഭായ് നവറോജി
(D) ബാലഗംഗാധര തിലകൻ

10. സാർവ്വദേശീയ മനുഷ്യാവകാശ ദിനമായി ആചരിക്കുന്ന ദിവസം :

(A) നവംബർ 20
(B) ഒക്ടോബർ 26
(C) ഡിസംബർ 1
(D) ഡിസംബർ 10

11. കേരള സംസ്ഥാനം നിലവിൽ വന്ന വർഷം :

(A) 1949
(B) 1951
(C) 1956
(D) 1957

12. 2015 ലെ വയലാർ അവാർഡ് ലഭിച്ച സുഭാഷ് ചന്ദ്രന്റെ കൃതി ഏത്?

(A) പറുദീസാനഷ്ടം
(B) തല്പം
(C) മനുഷ്യന് ഒരു ആമുഖം
(D) ഘടികാരങ്ങൾ നിലക്കുന്ന സമയം

13. ക്വിറ്റ് ഇന്ത്യാ പ്രമേയം പാസ്സാക്കിയ കോൺഗ്രസ്സ് സമ്മേളനം നടന്ന സ്ഥലം ഏത്?

(A) ലാഹോർ
(B) ബോംബെ
(C) പൂന
(D) നാഗ്പൂർ

14. ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ച വർഷം ഏത്?

(A) 1920
(B) 1925
(C) 1934
(D) 1937

15. ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയ നദി :

(A) മഹാനദി
(B) ഗോദാവരി
(C) കൃഷ്ണ
(D) കാവേരി

16. ഇന്ത്യൻ ഭരണഘടന നിർമ്മാണസഭയുടെ അദ്ധ്യക്ഷൻ :

(A) ഡോ. രാജേന്ദ്ര പ്രസാദ്
(B) ബി.ആർ. അംബേദ്കർ
(C) സർദാർ വല്ലഭായ് പട്ടേൽ
(D) ജവഹർലാൽ നെഹ്റു

17. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം ഏത്?

(A) അഷ്ടമുടി
(B) പൂക്കോട്
(C) പുന്നമട
(D) ശാസ്താംകോട്ട



Join PSC WhatsApp Broadcast List : 90747 20773

18. സാധുജന പരിപാലന സംഘത്തിന്റെ സ്ഥാപകൻ ആര്?

(A) അയ്യങ്കാളി
(B) വൈകുണ്ഠസ്വാമി
(C) വാഗ്ഭടാനന്ദൻ
(D) സഹോദരൻ അയ്യപ്പൻ

19. 2015 ൽ ISRO വിക്ഷേപിച്ച വാർത്താവിനിമയ ഉപഗ്രഹം :

(A) ജി സാറ്റ്-1
(B) ജി സാറ്റ്-4
(C) ജി സാറ്റ്-6
(D) ജി സാറ്റ്-7

20. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ദേശീയപാത :

(A) NH-6
(B) NH-47
(C) NH-7
(D) NH-1

21. ആര്യസമാജ സ്ഥാപകൻ ആര്?

(A) രാജാറാം മോഹൻ റോയ്
(B) സ്വാമി വിവേകാനന്ദൻ
(C) കേശവചന്ദ്രസെൻ
(D) ദയാനന്ദസരസ്വതി

22. ഇന്ത്യയുടെ ദേശീയ കായിക വിനോദം :

(A) ഫുട്ബോൾ
(B) ഹോക്കി
(C) ക്രിക്കറ്റ്
(D) വോളിബോൾ

23. കേരളത്തിൽ ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങളുള്ള ജില്ല :

(A) ഇടുക്കി
(B) കൊല്ലം
(C) പാലക്കാട്
(D) വയനാട്

24. ചട്ടമ്പി സ്വാമികൾ രചിച്ച കൃതി ഏത്?

(A) ദുരവസ്ഥ
(B) ജാതിക്കുമ്മി
(C) ദൈവദശകം
(D) പ്രാചീന മലയാളം

25. 20-ാമത് അന്തർദ്ദേശീയ ചലച്ചിത്രോത്സവത്തിൽ സുവർണ്ണചകോരം ലഭിച്ച മലയാള സിനിമ :

(A) ഒഴിവു ദിവസത്തെ കളി
(B) ഒറ്റാൽ
(C) പത്തേമാരി
(D) ചായം പൂശിയ വീട്

26. ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ച വർഷം :

(A) 1950
(B) 1951
(C) 1956
(D) 1961



Join PSC WhatsApp Broadcast List : 90747 20773

27. ഇന്ത്യൻ ഭരണഘടനയുടെ മൗലികാവകാശത്തിൽ ഉൾപ്പെടുത്താത്തത് ഏത്?

(A) സമത്വത്തിനുള്ള അവകാശം
(B) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(C) സ്വത്തവകാശം
(D) മത സ്വാതന്ത്ര്യത്തിനുള്ള അവകാശം

28. കേരളത്തിൽ ഏറ്റവും കൂടുതൽ നദികൾ ഉള്ള ജില്ല ഏത്?

(A) ഇടുക്കി
(B) കൊല്ലം
(C) കോഴിക്കോട്
(D) കാസർഗോഡ്

29. വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ച് നടന്ന സവർണ്ണ ജാഥയ്ക്ക് നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്ക്കർത്താവ് :

(A) ടി.കെ. മാധവൻ
(B) കെ. കേളപ്പൻ
(C) മന്നത്ത് പത്മനാഭൻ
(D) എ.കെ. ഗോപാലൻ

30. 35-ാമത് ദേശീയ ഗെയിംസ് നടന്നത് ഏത് സംസ്ഥാനത്ത്?

(A) കേരളം
(B) ഗോവ
(C) ആസ്സാം
(D) ഝാർഖണ്ഡ്

31. ഭക്രാനംഗൽ അണക്കെട്ട് പണികഴിപ്പിച്ചത് ഏത് നദിയിൽ?

(A) നർമ്മദ
(B) മഹാനദി
(C) കാവേരി
(D) സത്‌ലജ്

32. "ഇൻക്വിലാബ് സിന്ദാബാദ്" എന്ന മുദ്രാവാക്യം ആദ്യം മുഴക്കിയ വിപ്ലവകാരി :

(A) സുഭാഷ് ചന്ദ്രബോസ്
(B) ബാലഗംഗാധര തിലകൻ
(C) ലാലാ ലജ്‌പത് റായ്
(D) ഭഗത്‌സിംഗ്

33. ദേശീയ വിവരാവകാശ നിയമം നിലവിൽ വന്ന വർഷം :

(A) 2001
(B) 2005
(C) 2010
(D) 2012

34. ഒളിമ്പിക്സ് അത്‌ലറ്റിക്സിൽ സെമിഫൈനലിൽ എത്തിയ ആദ്യ കേരള വനിത :

(A) ഷൈനി വിൽസൻ
(B) പി.റ്റി. ഉഷ
(C) അഞ്ജു ബോബി ജോർജ്ജ്
(D) പ്രീജ ശ്രീധർ

35. പ്രത്യക്ഷ രക്ഷാസഭയുടെ സ്ഥാപകൻ :

(A) പൊയ്കയിൽ ശ്രീകുമാരഗുരുദേവൻ
(B) ചട്ടമ്പി സ്വാമി
(C) പണ്ഡിറ്റ് കെ.പി. കറുപ്പൻ
(D) വക്കം അബ്ദുൾ ഖാദർ മൗലവി



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

36. എൻ. ശക്തൻ കേരള നിയമസഭയുടെ എത്രാമത്തെ സ്പീക്കറാണ്?

(A) 19 (B) 20

(C) 21 (D) 22

37. ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ ഉപഗ്രഹം ഏത്?

(A) ആര്യഭട്ട (B) ഭാസ്ക്കര

(C) രോഹിണി (D) ഇൻസാറ്റ് 1-A

38. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യ രക്തസാക്ഷി :

(A) ഭഗത്സിംഗ് (B) മംഗൽപാണ്ഡെ

(C) സുഖ്ദേവ് (D) ഉദ്ദംസിംഗ്

39. ഇന്ത്യയുടെ ദേശീയഗാനം ആലപിക്കാൻ എടുക്കുന്ന സമയം :

(A) 32 സെക്കന്റ് (B) 42 സെക്കന്റ്

(C) 46 സെക്കന്റ് (D) 52 സെക്കന്റ്

40. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി :

(A) പള്ളിവാസൽ (B) ശബരിമല

(C) ഇടുക്കി (D) കുറ്റ്യാടി

41. 1936 ൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച തിരുവിതാംകൂർ ഭരണാധികാരി :

(A) ശ്രീ മൂലം തിരുനാൾ രാമവർമ്മ (B) ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ

(C) സേതു ലക്ഷ്മീഭായ് (D) വിശാഖം തിരുനാൾ രാമവർമ്മ

42. 12-ാമത് ദക്ഷിണേഷ്യൻ ഗെയിംസിൽ ഏറ്റവും കൂടുതൽ സ്വർണ്ണം നേടിയ രാജ്യം :

(A) ഇന്ത്യ (B) ശ്രീലങ്ക

(C) പാക്കിസ്ഥാൻ (D) അഫ്ഗാനിസ്ഥാൻ

43. ഇന്ത്യയിൽ ആദ്യത്തെ മെട്രോ-റെയിൽ ആരംഭിച്ചത് എവിടെ?

(A) ഡൽഹി (B) ബാംഗ്ലൂർ

(C) കൊൽക്കത്ത (D) ചെന്നൈ



Join PSC WhatsApp Broadcast List : 90747 20773

44. 1922 ൽ നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം എന്ത്?

(A) ബംഗാൾ വിഭജനം
(B) ജാലിയൻ വാലാബാഗ് കൂട്ടക്കൊല
(C) മലബാർ കലാപം
(D) ചൗരിചൗര സംഭവം

45. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ചെയർമാൻ :

(A) ജസ്റ്റീസ് ജെ.എസ്. വർമ്മ
(B) ജസ്റ്റീസ് രംഗനാഥ് മിശ്ര
(C) ജസ്റ്റീസ് എ.എസ്. ആനന്ദ്
(D) ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണൻ

46. കേരളത്തിലെ പ്രമുഖ മത്സ്യബന്ധന കേന്ദ്രമായ നീണ്ടകര ഏത് ജില്ലയിലാണ്?

(A) ആലപ്പുഴ
(B) തിരുവനന്തപുരം
(C) കൊല്ലം
(D) കോഴിക്കോട്

47. ഈഴവ മെമ്മോറിയലിന് നേതൃത്വം കൊടുത്തത് ആര്?

(A) കുമാരനാശാൻ
(B) ശ്രീനാരായണഗുരു
(C) ടി.കെ. മാധവൻ
(D) ഡോ. പൽപ്പു

48. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം :

(A) കേരളം
(B) തമിഴ്നാട്
(C) ഗുജറാത്ത്
(D) മഹാരാഷ്ട്ര

49. റൂർക്കല ഇരുമ്പുരുക്ക് വ്യവസായശാല ഏത് രാജ്യത്തിന്റെ സഹായത്തോടെയാണ് സ്ഥാപിച്ചത്?

(A) റഷ്യ
(B) ജർമ്മനി
(C) ബ്രിട്ടൻ
(D) ഫ്രാൻസ്

50. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി ഏത്?

(A) പമ്പ
(B) പെരിയാർ
(C) ഭാരതപ്പുഴ
(D) ചാലിയാർ

51. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ ഉപപ്രധാനമന്ത്രി :

(A) സർദാർ വല്ലഭായ് പട്ടേൽ
(B) ചരൺസിംഗ്
(C) മൊറാർജി ദേശായ്
(D) ജഗ്ജീവൻ റാം



PSCNET.in

Join PSC WhatsApp Broadcast List : 90747 20773

52. ''വന്ദേമാതരം'' ഇന്ത്യയുടെ ദേശീയഗീതമായി ഭരണഘടനാ നിർമ്മാണസഭ അംഗീകരിച്ച വർഷം ഏത്?
   (A) 1949 (B) 1950
   (C) 1951 (D) 1956

53. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം ഏത്?
   (A) 1920 (B) 1924
   (C) 1931 (D) 1935

54. 'നീതി ആയോഗി'ന്റെ അദ്ധ്യക്ഷൻ ആര്?
   (A) ധനകാര്യമന്ത്രി (B) രാഷ്ട്രപതി
   (C) പ്രധാനമന്ത്രി (D) ലോകസഭാ സ്പീക്കർ

55. പിൻകോഡ് സമ്പ്രദായം ഇന്ത്യയിൽ നടപ്പിലാക്കിയ വർഷം :
   (A) 1952 (B) 1960
   (C) 1962 (D) 1972

56. മൂന്നു വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ദേശീയ നേതാവ് :
   (A) ഗാന്ധിജി (B) ജവഹർലാൽ നെഹ്റു
   (C) സുഭാഷ് ചന്ദ്രബോസ് (D) ഡോ. ബി.ആർ. അംബേദ്കർ

57. മൗലിക കർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയത് ഏത് വർഷം?
   (A) 1950 (B) 1970
   (C) 1976 (D) 1978

58. കേരളത്തിൽ ഏറ്റവും കൂടുതൽ വ്യവസായശാലകളുള്ള ജില്ല :
   (A) എറണാകുളം (B) കൊല്ലം
   (C) തിരുവനന്തപുരം (D) തൃശ്ശൂർ

59. ഇന്ത്യയിലൂടെ കടന്നുപോകുന്ന അക്ഷാംശരേഖ ഏത്?
   (A) ഉത്തരായനരേഖ (B) ഭൂമദ്ധ്യരേഖ
   (C) ആർട്ടിക് വൃത്തം (D) ദക്ഷിണായനരേഖ

60. ഏത് സമരവുമായി ബന്ധപ്പെട്ട് ഉണ്ടായതാണ് ''വാഗൺ ട്രാജഡി''?
   (A) വൈക്കം സത്യാഗ്രഹം (B) ഗുരുവായൂർ സത്യാഗ്രഹം
   (C) നിസ്സഹകരണ പ്രസ്ഥാനം (D) മലബാർ കലാപം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

61. ഭൂമിയിൽ സ്വതന്ത്രാവസ്ഥയിൽ കാണപ്പെടുന്ന ഒരു ലോഹമാണ് :
(A) ഇരുമ്പ്
(B) സ്വർണ്ണം
(C) അലുമിനിയം
(D) മെഗ്നീഷ്യം

62. ബോക്സൈറ്റിൽ നിന്നും വേർതിരിച്ചെടുക്കുന്ന ലോഹം ഏത്?
(A) ടങ്സ്റ്റൺ
(B) ആർസെനിക്
(C) ഇരുമ്പ്
(D) അലുമിനിയം

63. ഒരു ആറ്റത്തിലെ പ്രോട്ടോണുകളുടെ എണ്ണമാണ് :
(A) ആറ്റോമിക നമ്പർ
(B) മാസ്സ് നമ്പർ
(C) പ്രോട്ടോൺ നമ്പർ
(D) ആറ്റോമിക ഭാരം

64. "കാലിയം" എന്നത് ഏത് മൂലകത്തിന്റെ ലാറ്റിൻ നാമമാണ്?
(A) സോഡിയം
(B) കാത്സ്യം
(C) പൊട്ടാസ്യം
(D) ഗാലിയം

65. താപോർജ്ജത്തിന്റെ അടിസ്ഥാന യൂണിറ്റാണ് :
(A) പാസ്കൽ
(B) വാട്ട്
(C) ജൂൾ
(D) ന്യൂട്ടൺ

66. സാധാരണ ഊഷ്മാവിൽ ദ്രാവകാവസ്ഥയിലുള്ള ഒരു മൂലകം ഏത്?
(A) ഫോസ്ഫറസ്
(B) ബ്രോമിൻ
(C) ക്ലോറിൻ
(D) ഹീലിയം

67. വാഷിങ് സോഡ എന്നറിയപ്പെടുന്ന പദാർത്ഥം ഏത്?
(A) സോഡിയം കാർബണേറ്റ്
(B) കാത്സ്യം കാർബണേറ്റ്
(C) സോഡിയം ബൈ കാർബണേറ്റ്
(D) കാത്സ്യം ബൈ കാർബണേറ്റ്

68. ബൾബിന്റെ ഫിലമെന്റ് നിർമ്മിച്ചിരിക്കുന്ന പദാർത്ഥം :
(A) നിക്രോം
(B) മെർക്കുറി
(C) ടങ്സ്റ്റൺ
(D) ഗ്രാഫൈറ്റ്

69. 20000 ഹെർട്സിലും കൂടിയ ആവൃത്തിയുള്ള ശബ്ദമാണ് :
(A) അൾട്രാവയലറ്റ്
(B) ഇൻഫ്രാസോണിക്
(C) അൾട്രാസോണിക്
(D) സൂപ്പർ സോണിക്

70. ഹൈഡ്രജന്റെ ഐസോട്ടോപ്പ് അല്ലാത്തത് ഏത്?
(A) പ്രോട്ടിയം
(B) ഡ്യൂട്ടീരിയം
(C) കാഡ്മിയം
(D) ട്രിഷ്യം



Join PSC WhatsApp Broadcast List : 90747 20773

71. മനുഷ്യഹൃദയത്തിന്റെ ആവരണത്തിന്റെ പേരെന്ത്?
(A) പ്ലൂറ (B) കോശസ്തരം
(C) പെരികാർഡിയം (D) ഉപരിവൃതി

72. റിക്കറ്റ്സ് അഥവാ കണരോഗം ഏത് വിറ്റാമിന്റെ കുറവുകൊണ്ടാണ് ഉണ്ടാകുന്നത്?
(A) വിറ്റാമിൻ A (B) വിറ്റാമിൻ B
(C) വിറ്റാമിൻ C (D) വിറ്റാമിൻ D

73. ക്ഷയരോഗത്തിന് കാരണമായ രോഗകാരി ഏത്?
(A) ബാക്ടീരിയ (B) വൈറസ്
(C) ഫംഗസ് (D) പ്രോട്ടോസോവ

74. ഫൈലേറിയ വിരകൾ മൂലം മനുഷ്യനിൽ ഉണ്ടാകുന്ന രോഗമേത്?
(A) മലമ്പനി (B) മന്ത്
(C) വയറുകടി (D) കോളറ

75. 'ഒറൈസ സറ്റൈവ' എന്നത് ഏത് കാർഷികവിളയുടെ പേരാണ്?
(A) നെല്ല് (B) ഗോതമ്പ്
(C) തെങ്ങ് (D) കവുങ്ങ്

76. കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രം എവിടെ സ്ഥിതിചെയ്യുന്നു?
(A) തൃശ്ശൂർ (B) ആലപ്പുഴ
(C) തിരുവനന്തപുരം (D) ഇടുക്കി

77. സൈലന്റ് വാലി നാഷണൽ പാർക്ക് ഏത് ജില്ലയിൽ ആണ്?
(A) പാലക്കാട് (B) തൃശ്ശൂർ
(C) ഇടുക്കി (D) വയനാട്

78. ലോക പരിസ്ഥിതി ദിനം എന്നാണ് ആചരിക്കുന്നത്?
(A) ജൂലായ് - 5 (B) ജൂൺ - 5
(C) ജനുവരി - 5 (D) ജൂലായ് - 15

79. മാംസ്യത്തിന്റെ അഭാവം മൂലമുണ്ടാകുന്ന രോഗമാണ് :
(A) സ്കർവ്വി (B) ഗോയിറ്റർ
(C) ക്വാഷിയോർക്കർ (D) മലമ്പനി

80. തൈറോയ്ഡ് ഗ്രന്ഥിയെ ബാധിക്കുന്ന രോഗമേത്?
(A) ഡെങ്കിപ്പനി (B) ചിക്കുൻഗുനിയ
(C) പോളിയോ (D) ഗോയിറ്റർ



Join PSC WhatsApp Broadcast List : 90747 20773

81. രണ്ടു സംഖ്യകളുടെ ല.സാ.ഗു. 80, ഉ.സാ.ഘ. 5. സംഖ്യകളിലൊന്ന് 25 ആയാൽ മറ്റേ സംഖ്യ ഏത്?

(A) 20
(B) 40
(C) 10
(D) 16

82. 17, 16, 13, $X$, 14 ഇവയുടെ ശരാശരി 15 ആയാൽ $X$ ന്റെ വിലയെന്ത്?

(A) 16
(B) 15
(C) 20
(D) 25

83. $\frac{2}{2000}$ ന് തുല്യമായ ദശാംശരൂപം എന്ത്?

(A) .002
(B) .001
(C) .02
(D) .01

84. $\frac{8}{18} \times \frac{3}{5} \div \frac{9}{25}$ നെ ക്രിയ ചെയ്യുക :

(A) $\frac{8}{27}$
(B) $\frac{4}{27}$
(C) $\frac{20}{27}$
(D) $\frac{8}{25}$

85. ഒരാൾ 625 രൂപയ്ക്ക് വാങ്ങിയ ഒരു കസേര 750 രൂപയ്ക്ക് വിറ്റു. അയാൾക്ക് കിട്ടിയ ലാഭശതമാനം എത്ര?

(A) 25
(B) 20
(C) 15
(D) 50

86. 200 m നീളമുള്ള തീവണ്ടി 90 കി.മീ./മണിക്കൂർ വേഗത്തിലോടുന്നു. 100 m നീളമുള്ള ഒരു പാലം കടക്കാൻ ഈ തീവണ്ടി എത്ര സമയമെടുക്കും?

(A) 10 sec
(B) 12 sec
(C) 15 sec
(D) 16 sec

87. $\sqrt{324} = 18$ ആയാൽ $\sqrt{3.24}$ എത്ര?

(A) .18
(B) 1.8
(C) 180
(D) .018



Join PSC WhatsApp Broadcast List : 90747 20773

88. $16+8\div2\times6-10$ എന്നത് ക്രിയ ചെയ്യുക :

(A) 30 (B) 62

(C) 20 (D) 15

89. ക്രിയ ചെയ്യുക : $(4+9)6-2(5+6)$ :

(A) 44 (B) 46

(C) 56 (D) 54

90. ക്രിയ ചെയ്യുക : $\sqrt{45}+\sqrt{180}$ എത്ര?

(A) $5\sqrt{9}$ (B) $8\sqrt{5}$

(C) $5\sqrt{8}$ (D) $9\sqrt{5}$

91. ഈ ശ്രേണിയിലെ അടുത്ത സംഖ്യ എഴുതുക :

14, 29, 45, 62, ...

(A) 77 (B) 78

(C) 79 (D) 80

92. ഒറ്റയാനെ കണ്ടുപിടിക്കുക :

(A) 81 (B) 225

(C) 324 (D) 991

93. അരുണിന്റെ വയസ്സ് അനുവിന്റെ വയസ്സിന്റെ 6 ഇരട്ടിയാണ്. 12 കൊല്ലം കഴിയുമ്പോൾ അരുണിന്റെ വയസ്സ് അനുവിന്റെ വയസ്സിന്റെ ഇരട്ടിയാകും. ഇപ്പോൾ അരുണിന്റെ വയസ്സെത്ര?

(A) 3 (B) 18

(C) 24 (D) 12

94. താഴെ തന്നിരിക്കുന്ന ക്രിയയിൽ '+' ന് പകരം '×', '÷' ന് പകരം '–'; '–' ന് പകരം '÷' ഉം '×' ന് പകരം '+' ഉം ഉപയോഗിക്കുക.

$6+8-2\times4\div2$

(A) 26 (B) 24

(C) 10 (D) 46



Join PSC WhatsApp Broadcast List : 90747 20773

95. വടക്ക് ദിശയിലേക്ക് തിരിഞ്ഞു നിൽക്കുന്ന ഒരു കുട്ടി അവിടെ നിന്ന് നേരേ ലംബമായി 3 മീറ്റർ മുമ്പോട്ടും അവിടെനിന്ന് 4 മീറ്റർ വലത്തോട്ടും വീണ്ടും 2 മീറ്റർ ഇടത്തോട്ടും സഞ്ചരിച്ചു. ഇപ്പോൾ കുട്ടി തിരിഞ്ഞു നിൽക്കുന്ന ദിശയേത്?

(A) വടക്ക് (B) കിഴക്ക്

(C) തെക്ക് (D) പടിഞ്ഞാറ്

96. അഭാജ്യസംഖ്യകളിലെ ഏക ഇരട്ട സംഖ്യ ഏത്?

(A) 1 (B) 4

(C) 6 (D) 2

97. പദങ്ങളെ ശരിയായ ക്രമത്തിൽ എഴുതുക :

—— × —— ÷ —— + —— = 10

(A) (3, 5, 7, 5) (B) (3, 7, 5, 5)

(C) (7, 5, 5, 3) (D) (5, 5, 7, 3)

98. 11250, 100 ന്റെ വിലസ്ഥ് ശരിയാക്കി എഴുതുക :

(A) 11200 (B) 11300

(C) 112500 (D) 112300

99. ഒരു സിനിമയുടെ ടിക്കറ്റ് എടുക്കുന്നതിനുള്ള ക്യൂവിൽ, ഞാൻ മുമ്പിൽ നിന്നും പുറകിൽ നിന്നും 11-ാമതാണ്. എങ്കിൽ ക്യൂവിൽ എത്ര പേർ?

(A) 22 (B) 20

(C) 23 (D) 21

100. ഒരു ടാങ്കിൽ 1500 $l$ വെള്ളം കൊള്ളും. അതിന്റെ $\frac{3}{10}$ ഭാഗം വെള്ളം ഉണ്ട്. എങ്കിൽ എത്ര ലിറ്റർ വെള്ളമുണ്ടതിൽ?

(A) 450 $l$ (B) 1050 $l$

(C) 1000 $l$ (D) 13 $l$



Join PSC WhatsApp Broadcast List : 90747 20773